# PRATHYASA

Bimonthly Bulletin of Reserve Bank Retired Employees Association, Kochi
(Reg.No. ER 18/09) (E-mail: mos1234@gmail.com)
C/o M.O.Sebastian, 116, Al-Fia Nagar, Cochin University Road, Kochi-682 022

**Issue No. 38** **FEBRUARY 2012** **Annual Subscription Rs. 100/-**

**കുടുംബ സംഗമം :** RBREA യുടെ ചരിത്രത്തിലെ ആദ്യത്തെ കുടുംബ സംഗമം 14.12.2011-ന് YMCA ഹാളിൽ നടന്നു. 10.30 ന് ചായയും ബിസ്ക്കറ്റുമായി ആരംഭിച്ച പരിപാടി ഉച്ചഭക്ഷണത്തിനുശേഷം 3.30 വരെ നീണ്ടുനിന്നു. 60 പേർ പങ്കെടുത്ത സംഗമത്തിലെ പ്രധാന പരിപാടി MAF പദ്ധതിയുടെ വിശദാംശങ്ങളെപ്പറ്റിയുള്ള ചർച്ചയായിരുന്നു. തമ്പോല, ലക്കിഡിപ്പ്, കുട്ടികളുടെ നൃത്തം, ലളിതഗാനങ്ങൾ, ജോക്സ്, ക്വിസ്സ് പ്രോഗ്രാം എന്നീ ലഘുവിനോദപരിപാടികളും അവതരിപ്പിക്കപ്പെട്ടു. ശ്രീ.എൻ.ആർ.പിള്ളയുടെ കെ.പി.എ.സി.യുടെ നാടകഗാനം ശ്രദ്ധേയമായി. ശ്രീ.പി.ജെ.മാർക്കോസ്, ശ്രീമതിമാർ ലീലാ ജോസ്, സി.എ.റോസ, ബെറ്റി മാത്യൂസ് എന്നിവർ പരിപാടികൾക്ക് മേൽനോട്ടം വഹിച്ചു. ശ്രീ.പി.ഐ.ജോൺ (87) നേരത്തേ മടങ്ങിയതിനാൽ ശ്രീ.കെ.ജി.കെ.പിള്ള (79) "Oldest Member Present" സമ്മാനത്തിന് അർഹനായി. Contributory അടിസ്ഥാനത്തിൽ മറ്റൊരു കുടുംബസംഗമം ഡിസംബറിൽ സംഘടിപ്പിക്കണമെന്നായിരുന്നു പൊതുവെ അഭിപ്രായം. ശ്രീ.അബ്ദുൽ സലാമിന്റെ നന്ദിപ്രകടനത്തോടെ ചടങ്ങവസാനിച്ചു.

**ഡി.ആർ.വർദ്ധന:** ഡിസംബറിൽ അവസാനിച്ച ത്രൈമാസ ശരാശരി വിലനിലവാര സൂചികയുടെ അടിസ്ഥാനത്തിൽ ഫെബ്രുവരി 2012 മുതൽ ജൂലൈ 2012 വരെ 60 സ്ലാബിന്റെ വർധനയ്ക്ക് നാം അർഹരായിട്ടുണ്ട്. പുതിയ നിരക്കുകൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| Pay Scales effective | 01.11.2007 | - 63% വർദ്ധന 9% |
| - do - | 01.11.2002 | - 100.26% വർദ്ധന 10.80% |
| - do - | 01.11.1997 | - 169.92% വർദ്ധന 14.40% |
| On Ex. gratia | | = 655.93% വർദ്ധന 40.2% |

**അപ്ഡേഷൻ/ഫാമിലി പെൻഷൻ:** ഡിസംബർ 8 ന് കൽക്കത്തയിൽ കൂടുന്ന സെൻട്രൽ ബോർഡ് യോഗത്തിനുശേഷം ഈ വിഷയത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായേക്കാമെന്ന് മുൻ ലക്കത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. എന്നാൽ ഈ യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യപ്പെട്ടില്ലെന്നാണറിയുന്നത്. അപ്ഡേഷൻ സാധ്യമാകുന്ന രീതിയിൽ ബാങ്ക് സമർപ്പിച്ച നിർദ്ദേശങ്ങൾ (അതെന്തൊക്കെയാണെന്ന് വ്യക്തമല്ല) ധന വകുപ്പിൽ കുടുങ്ങിക്കിടക്കുകയാണെന്നാണ് ഇപ്പോൾ കേൾക്കുന്നത്. ജനുവരി 20 ന് ഗവർണ്ണർ ധനമന്ത്രിയുമായി ചർച്ച നടത്തിയെന്ന് കേൾക്കുന്നു. ചില സംഗതികൾ കൂടി ധനവകുപ്പിനെ ബോധ്യപ്പെടുത്താനുണ്ടെന്നാണ് വിശ്വാസയോഗ്യമായറിയുന്നത്. അപ്ഡേഷന്റെ ആവശ്യം ഗവർണ്ണർക്കിപ്പോൾ ബോധ്യപ്പെട്ടിട്ടുണ്ടെന്നും അതിനു വേണ്ടി ശ്രമിക്കുന്നുണ്ടെന്നും തൽക്കാലം നാം കുറച്ചുകൂടി കാത്തിരിക്കണമെന്നുമാണ് നേതൃത്വത്തിന്റെ നിലപാട്. 15.01.2012 - ലെ ഹിത് ഗുജ് റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## "HIT GUJ" 15.01.2012

### Updation Issue

Association is well aware of the seething uneasiness which is fully justified in the members about the delay in achieving regular updation of pension, a delay of nearly a decade. The office bearers of the Association are equally if not more intensely concerned about it and as mentioned in the last issue Association has resolved not to rest till improvements in pension and family pension are made.It may be recalled that we could achieve our demand for a pension scheme in the Bank after a continuous follow-up for decades with a chain of Governors. We have to struggle again for its periodical updation. The struggle has so far included Dharana at Azad Maidan by our members, unprecedented stoppage of work twice and a number of massive demonstrations and mass deputations at all the offices of the

Bank, participated by entire officer and employees community of the Bank. As all of us know updation is held up due to illogical and unjust stance of certain officers of the Ministry of Finance that RBI Pension Regulations do not permit Reserve Bank to periodically update the pension of its retired employees. This agreement had been countered by the Bank itself in the two affidavits filed by it before the Bombay High Court in reply to the writ petition filed by three of our members against the Bank's circular dated 10 October 2008 withdrawing the updation given to pre-November 1997 retirees under pressure from Government.A question arises when the Bank has justified updation before the High Court, why is that it has at this stage to think of amending the Regulations and approach the Government for approval of the same to enable it to update the pension. Is it not self-contradictory?. A question for which we do not have a clear answer. But we can make a guess.

It is clear from the documents obtained under Right to information Act that the officers of the Ministry, did not place all the facts and all the provisions in the Pension Regulations enabling Reserve Bank to update the pension before the then Hon'ble Finance Minister. As a result the Minister gave orders that Reserve Bank should immediately withdraw updation given to per-November 1997 retirees. The present Governor who was then Government nominee on the Central Board of the Bank was duty bound to follow Minister's order and at the meeting of the Central Board held on 14 August 2008 reiterated the Government's direction and insisted that the circular dated 1 September 2003 be withdrawn. (The Government had to eat a humble pie later when it had to admit before Hon'ble High Court and in a reply to our presentation before it for 'Speaking Order', that it could not and had not given 'direction' but it was only an 'advice'). The point made by the Government nominee was that the updation was contrary to the provisions of Regulation 2 (2) of the RBI Pension Regulations and that any amendment to the Regulations required prior approval of the GoI.

We were shocked then, but now take it as a blessing in disguise, that the same dignitary assumed the charge as Governor of the Bank very soon thereafter. It is to the credit of the new Governor that after knowing the facts of the cases he is now convinced of the necessity to update the pension as also improvements in family pension (which do require amendment to the Pension Regulations and unjustifiably rejected by the same mandarins in the Ministry.) it is our assumption that although the Governor is convinced of the necessity of these improvements, he still feels that to have uninterrupted periodical updation, the concerned Regulations need to be amended once for all to remove the ambiguity, if any, and hence has forwarded the amendments to the Government reportedly after discussing the matter with the present Hon'ble Finance Minister. However, the clearance is taking time and certainly is delayed.

However, having convinced of the Governor's sincerity on the issue, the Forum and our Association have decided to wait for the time being and not to create any hurdle in the Governor's efforts. However, as mentioned earlier, Reserve Bank employees past and present are not going to rest till improvements in pension and family pension are affected and if necessary relaunch the agitation more forcefully.

Needless to remind our members that it is the trade union movement in the Bank which has brought all the improvements in pay scales allowance including dearness allowance relief pension, medical facilities etc, for its members and it shall be successful this time also.

MAF : TTK ക്ക് പകരം MD India TPA പദവി ഏറ്റെടുത്തപ്പോൾ നമുക്കുണ്ടായ പ്രതീക്ഷകൾ അസ്ഥാനത്തായോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ബില്ലുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ചിലരൊക്കെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരംഗത്തിന് രണ്ടരമാസത്തിനു ശേഷമാണ് ക്ലെയിം തീർപ്പാക്കിയതെന്നും മറ്റൊരംഗത്തിന് ഏതാണ്ട് 6 മാസത്തിനുശേഷമാണ് ക്ലെയിം നിരസിച്ച് മറുപടി ലഭിച്ചതെന്നുമറിയുന്നു. അംഗങ്ങളുടെ അനുഭവങ്ങൾ കത്ത്/ഇമെയിൽ മുഖേന സെക്രട്ടറിയെ അറിയിച്ചാലേ അഖിലേന്ത്യാ സംഘടന വഴി കാര്യങ്ങൾ സെൻട്രൽ ആഫീസിനെ ബോധ്യപ്പെടുത്താൻ പറ്റൂ. Please help us to help you. 07.12.2011 ന് മുബൈയിൽ MAF പ്രവർത്തനത്തെപ്പറ്റി അവലോകനം ചെയ്യുവാൻ ബാങ്കധികൃതർ, ഇൻഷ്വറൻസ്, MD India ഉൾപ്പെടെയുള്ള TPA പ്രതിനിധികൾ, സംഘടനാ ഭാരവാഹികൾ എന്നിവരുടെ ഒരുയോഗം വിളിച്ചുകൂട്ടി ചർച്ചയുടെ പ്രസക്ത ഭാഗങ്ങൾ ചുവടേ ചേർക്കുന്നു.

1. ഇമ്മാതിരി യോഗങ്ങൾ 3 മാസം കൂടുമ്പോൾ സംഘടിപ്പിക്കും. TPA യുടെ പ്രവർത്തനത്തെ പ്പറ്റിയുള്ള വിവരങ്ങൾ സംഘടനവഴി യോഗത്തെ അറിയിക്കാം.

2. പല അംഗങ്ങളും അഡ്മിഷനുശേഷം 7 ദിവസത്തിനുള്ളിൽ TPA യെ അറിയിക്കുന്നില്ല 30 ദിവസത്തിനുള്ളിൽ ക്ലെയിം സമർപ്പിക്കുന്നില്ല. ഇത് ക്ലെയിം നിരസിക്കുവാൻ കാരണമായേക്കും. അംഗങ്ങൾ ശ്രദ്ധിക്കണം.

3. TPA പലപ്പോഴും സമയപരിധിക്കുള്ളിൽ (15 days) Payment നടത്തുന്നില്ല. അനാവശ്യ ചോദ്യങ്ങൾ ഉന്നയിക്കുന്നു. GM TPA കളെ താക്കീതു ചെയ്തു.

4. ECS വഴി ബാങ്ക് അക്കൗണ്ടിൽ പണമെത്തിക്കുവാൻ വേണ്ട വിവരങ്ങൾ അംഗങ്ങൾ നൽകണം.

5. ക്ലെയിം ഫാറം ലഘൂകരിച്ച് നൽകുമെന്ന് മുൻ യോഗത്തിൽ സമ്മതിച്ചെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. സംഘടനയും ഇൻഷ്വറൻസ് കമ്പനിയും ഓരോ സാമ്പിൾ ഫാറം ഹാജരാക്കി രണ്ടും പഠിച്ചശേഷം ബാങ്ക് ഒരു ഫാറം നിർദ്ദേശിക്കും.

6. നെറ്റ്‌വർക്ക് ലിസ്റ്റിലുള്ള ചില ആശുപത്രികൾ ക്യാഷ്‌ലെസ്സ് സൗകര്യം നിരസിക്കുന്നു. ഇൻഷ്വറൻസ് കമ്പനി നടപടിയെടുക്കണമെന്ന് GM നിർദ്ദേശിച്ചു. (Source: Hitguj of 15.12.2011)

## കിടത്തി ചികിത്സ - ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ

### 1. ക്യാഷ്‌ലെസ്സ് അടിസ്ഥാനത്തിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുമ്പോൾ

A നിങ്ങൾ സമീപിക്കുന്ന ആശുപത്രി നെറ്റ്‌വർക്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുക. എങ്കിൽ ഡോക്ടറെ കണ്ട് അഡ്മിഷൻ തീയതി നിശ്ചയിക്കുക. അടിയന്തിരാവസ്ഥ ഇല്ലെങ്കിൽ മൂന്നോ നാലോ ദിവസം തള്ളി ഒരു തീയതി നിശ്ചയിക്കുക. MD India യിൽ നിന്നും ചികിത്സ തുക അനുവദിച്ചു കിട്ടാൻ വേണ്ടിയാണിത്. കൺസൾട്ടേഷൻ ഫീസ്, താൽക്കാലിക മരുന്നുകൾ, ലാബറട്ടറി ഫീസ് എന്നിവയുടെ കുറിപ്പും ക്യാഷ് രസീതും നഷ്ടപ്പെടാതെ സൂക്ഷിക്കുക. പ്രവേശന തീയതിക്ക് ഒരുമാസം മുൻപുവരെയുള്ള O.P. ചികിത്സാ ചെലവിന് റീയിംബേഴ്സ്മെന്റ് ലഭിക്കും. ഡിസ്ചാർജ്ജിനുശേഷം 75 ദിവസത്തിനകമാണ് ഈ തുക ക്ലയിം ചെയ്യേണ്ടത്.

2. ഇൻഷ്വറൻസ് കൗണ്ടറിൽ ലഭിക്കുന്ന Pre authorisation request ഫാറത്തിന്റെ പാർട്ട് 1 പൂരിപ്പിച്ചു കൊടുക്കുക. യുണൈറ്റഡ് ഇന്ത്യയുടെ ID Card, RBI ഫോട്ടോ ID Card, വേണ്ടിവന്നാൽ വോട്ടർ ID കാർഡ് എന്നിവ ഹാജരാക്കണം. നിങ്ങൾക്ക് അനുവദനീയമായ മുറിവാടകക്കനുസരിച്ചുള്ള മുറി ബുക്ക് ചെയ്യാവുന്നതാണ്.

3. തുടർന്നുള്ള ദിവസങ്ങളിൽ ഇൻഷ്വറൻസ് കൗണ്ടറിൽ വിളിച്ച് MD India പൂനെയിൽ നിന്നും തുക അനുവദിച്ചുകിട്ടിയോ എന്നും അനുവദിച്ചെങ്കിൽ എത്രയെന്നും മനസ്സിലാക്കി പ്രവേശന സമയത്ത് ബാക്കി തുക ആശുപത്രിയിൽ അടയ്ക്കേണ്ടിവരും. ആശുപത്രി MD India ക്ക് ബില്ലടച്ച് ബിൽ തീർപ്പാക്കിയശേഷം നിങ്ങൾ അടച്ച തുക ആശുപത്രി മടക്കിത്തരുന്നതാണ്. എസ്റ്റിമേറ്റ് തുകയേക്കാൾ ചികിത്സാച്ചെലവ് കൂടുതലുണ്ടെങ്കിൽ ഈ ബാലൻസും നാം തന്നെ അടക്കേണ്ടിവരും. MD India ആശുപത്രിക്ക് Payment നടത്തിയശേഷമേ നമുക്ക് ഈ തുക മടക്കി കിട്ടുകയുള്ളു.

4. ഡിസ്ചാർജ്ജിനുശേഷം 2 മാസത്തെ O.P. ചികിത്സാച്ചെലവുകളും അഡ്മിഷനുമുമ്പ് 1 മാസത്തെ ചികിത്സാച്ചെലവും ചേർത്ത് MD India യിൽ നിന്നും ലഭിക്കുന്ന ക്ലെയിംഫാറം പൂരിപ്പിച്ച് ആശുപത്രിയിൽനിന്നും ഡോക്ടറുടെ സർട്ടിഫിക്കറ്റും വാങ്ങി 75 ദിവസത്തിനകം RBI ക്ക് എതിർവശം കാസിം ലെയിനിലുള്ള MD India ആഫീസിൽ ഏൽപ്പിച്ച് രസീത് വാങ്ങണം. പ്രധാനപ്പെട്ട രേഖകളുടെ ഫോട്ടോകോപ്പി സൂക്ഷിച്ചാൽ പിന്നീടുണ്ടായേക്കാവുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാൻ സഹായകമാവും. ECS സമ്പ്രദായംവഴി നിങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക ക്രെഡിറ്റ് ചെയ്യുന്നത്.

5.ഒരു ക്യാഷ്‌ലെസ്സ് ചികിത്സയ്ക്കുശേഷം മറ്റൊരു ക്യാഷ്‌ലെസ്സ് ചികിത്സയ്ക്ക് 45 ദിവസത്തെ ഇടവേള ആവശ്യമാണ്. അല്ലാത്തപക്ഷം റിയിംമ്പേഴ്സ്മെന്റ് അടിസ്ഥാനത്തിൽ ചികിത്സ തേടേണ്ടിവരും. എന്നാൽ ഈ നിബന്ധന ഹൃദയം, തലച്ചോർ, കാൻസർ, വൃക്ക സംബന്ധമായ ചികിത്സകൾക്ക് ബാധകമല്ല.

B. ക്യാഷ്‌ലെസ്സ് ചികിത്സ അടിയന്തര സന്ദർഭങ്ങളിൽ അടിയന്തര സന്ദർഭമാണെങ്കിൽപോലും ക്യാഷ് ചികിത്സ ആവശ്യമെങ്കിൽ നെറ്റ്‌വർക്ക് ആശുപത്രിയെയാണ് സമീപിക്കേണ്ടത്. അഡ്മിഷൻ സമയത്ത് ആശുപത്രി ആവശ്യപ്പെടുന്ന തുക അഡ്വാൻസായി അടച്ച് രസീത് വാങ്ങുക.

2. ഇൻഷ്വറൻസ് കൗണ്ടറിൽ ID Card മുതലായവ കാണിച്ച് Pre authorisation request ഫാറം പൂരിപ്പിച്ച് നൽകുക. അവർ MD India ക്ക് ഫാക്സ് അയച്ച് ചികിത്സാചെലവിന് അനുവാദം വാങ്ങും. തുക അനുസരിച്ച് കിട്ടുന്നതുവരെ എല്ലാബില്ലുകളും നാം തന്നെ അടക്കേണ്ടതുണ്ട്. ശേഷം ഈ തുക ആശുപത്രി മടക്കി തരുന്നതാണ്. ഡിസ്ചാർജ് ദിവസംവരെ MD India യിൽ നിന്നും മറുപടി ലഭിക്കാതെയിരുന്നാൽ മുഴുവൻ ചികിത്സാചെലവും നാം തന്നെ അടക്കേണ്ടിവരും. എപ്പോൾ തുക അനുവദിക്കുന്നുവോ അപ്പോൾ മാത്രമേ നമുക്ക് റീഫണ്ട് ലഭിക്കുകയുള്ളൂ.

3. പ്രവേശനത്തിന് ഒരുമാസം മുമ്പും ഡിസ്ചാർജ്ജിനുശേഷം 2 മാസത്തെയും ചികിത്സാചെലവുകൾക്ക് (A) യിൽ പറഞ്ഞ പ്രകാരം ക്ലെയിം ചെയ്യുക

C. റിയിംമ്പേഴ്സ്മെന്റ് അടിസ്ഥാനത്തിൽ കിടത്തി ചികിത്സക്ക് നെറ്റ്‌വർക്ക് ആശുപത്രിതന്നെ വേണമെന്ന് നിർബന്ധമില്ല. പക്ഷെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് 7 ദിവസത്തിനകം MD India യെ കത്തുവഴിയോ, ഈ മെയിൽ/ഫാക്സ് വഴിയോവിവരമറിയിച്ചിരിക്കണം. (MD India ID നമ്പർ സഹിതം) അറിയിപ്പ് ലഭിച്ചവിവരം പിന്നീട് നിഷേധിക്കാൻ സാധിക്കാത്ത തരത്തിലുള്ള acknologment കയ്യിലിരിക്കുന്നത് നന്ന്. വാണിജ്യസ്ഥാപനങ്ങളുടെ ലക്ഷ്യം സാമൂഹ്യസേവനമല്ലെന്ന് നാം ഓർക്കണം. ഡിസ്ചാർജ്ജിനുശേഷം 30 ദിവസത്തിനകം കിടത്തിചികിത്സാ ചെലവുകൾക്കുള്ള ക്ലെയിം ഫാറം MD India ക്ക് അയച്ചിരിക്കണം. പ്രവേശന തീയതിക്ക് 1മാസംമുമ്പും ഡിസ്ചാർജ്ജിനുശേഷം 2 മാസത്തിനകവുമുള്ള ചികിത്സാചെലവുകൾക്ക് 75 ദിവസത്തിനകം ക്ലെയിംഫാറം MDIndia ക്ക് സമർപ്പിക്കണം. കാറ്ററാക്സ് ഓപ്പറേഷന് കണ്ണൊന്നുക്ക് മെട്രോ പട്ടണങ്ങളിൽ 35000/- രൂപയായും മറ്റിടങ്ങളിൽ 25000/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.

D. ആയുർവേദ ചികിത്സ: ആയുർവേദ കിടത്തി ചികത്സയ്ക്കും നാം അർഹരാണ്. എന്നാൽ ക്യാഷ്‌ലെസ്സ് ചികിത്സ അനുവദനീയമല്ല. റിയിംമ്പേഴ്സ്മെന്റ് അടിസ്ഥാനത്തിൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സർക്കാർ ആശുപത്രികളിലോ മെഡിക്കൽ കോളേജുകളോട് അനുബന്ധമായ ആശുപത്രികളിലോ ആയിരിക്കണം ചികിത്സ. കൊച്ചിയിൽ തൃക്കാക്കരയിലുള്ള കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ Ayurvedic Hospital and Research Centre അംഗീകൃത ആശുപത്രിയാണ്.

തയ്യാറാക്കിയത്: K.G.K.Pillai, 9447055230, C.A.Jacob 9895163429

**ചരമവാർത്തകൾ:**

1. വളരെക്കാലം AIRBEA ഭാരവാഹിയും തിരുവനന്തപുരം RBEA സെക്രട്ടറിയുമായിരുന്ന ശ്രീ. എം.ഒ.ജേക്കബ്ബ് (87) 05.12.2011 ന് തിരുവനന്തപുരത്ത് നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുകയും പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

2. ശ്രീ.ഡി.എം.പിള്ള (M.No.75) വടക്കൻ പറവൂരിൽ 24.01.2012 ന് നിര്യാതനായി. RBEA ഭാരവാഹികൾ പരേതന്റെ വസതി സന്ദർശിച്ച് പുഷ്പചക്രം അർപ്പിക്കുകയും കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുകയും ചെയ്തു.

**EDITED BY**: Sri. M.O. Sebastian, Secretary, Ph: 0484 - 2541930, 9895178211
വിവരങ്ങൾക്ക് കടപ്പാട് : Shri K.G.K.Pillai, Retires 'HITGUJ'